

ഡിജിറ്റൽ മാഗസിൻ

# അക്ഷരപ്പൂക്കൾ

ജി.എച്ച്.എസ്.എസ്. വാളേരി

ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രസിദ്ധീകരണം

# സന്ദേശം



**വാസുദേവൻ. കെ**

*ഹെഡ് മാസ്റ്റർ*

**വാളേരി ഗവ:ഹയർ സെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം പ്രസിദ്ധീകരിക്കുന്ന**
**അക്ഷരപ്പൂക്കൾ എന്ന ഡിജിറ്റൽ മാഗസീൻ എന്തുകൊണ്ടും വേറിട്ടുനിൽക്കുന്നു .**
**ഇതിനുപിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ.**
**നിങ്ങളുടെ സംരംഭത്തിന് എല്ലാവിധ ആശംസകളുംനേരുന്നു.**

## ഒരു നിമിഷം

ഇന്ന് മനുഷ്യർ ഡിജിറ്റൽ ലോകത്തിലേക്ക് പൂർണ്ണമായും മാറിക്കൊണ്ടിരി-ക്കുകയാണ്. പ്രകൃതിയെ വെട്ടിനശി- പ്പിച്ചുകൊണ്ട് പേപ്പർ നിർ -മിക്കുന്നതിന് പരിഹാരമായി വാളേരി ഹയർ സെക്കൻഡറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമിച്ച ഡിജിറ്റൽ മാഗസിനാണ്അക്ഷരപ്പൂക്കൾ. മരങ്ങൾ നശിപ്പിക്കാതെയും പ്രകൃതിക്ക് ദോഷം വരാതെയും നമ്മുടെ പൂർവികരെപ്പോലെ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് എഴുത്തിന്റെ പുതിയ ലോകത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

*എഡിറ്റർ*



ആൽഫ്രഡ് ഷിബി IX.B

## ഇതളുകളിലൂടെ


- അന്നും ഇന്നും - കവിത
- ഗണിതശാസ്ത്ര പ്രതിഭ - ലഘുവിവരണം
- പ്രകൃതിയാകുന്ന അമ്മ - ചിന്ത
- സ്നേഹിതാ നിൻ വരവും കാത്ത് - കവിത
- സ്വച്ഛം - കഥ
- എൻെറ തോട്ടം - കവിത
- തെരുവിലെ ബാല്യം - കവിത
- ചിത്രലോകം
- പളുങ്കുപാത്രം - കവിത
- പത്ത് - കഥ
- അഴികൾക്കപ്പുറം - കവിത
- സച്ചിൻ ടെൻഡുൽക്കർ - സ്പോർട്സ്
- വന്ദനം - കവിത
- ഒടിയൻ - ചലച്ചിത്രനിരൂപണം


........................................................................

# അന്നും
# ഇന്നും




തുടികൊട്ടും പാട്ടുണരും
ഒരു കൊച്ചുഗ്രാമത്തുടിപ്പിൽ
പുള്ളുവനുണ്ടിവിടെ പുള്ളുവത്തിയുണ്ടിവിടെ
കാളപൂട്ടും വയൽവരമ്പിൽ
ഞാറുനടുംപെണ്ണാളുണ്ടിവിടെ
ചിങ്ങമൊന്നായീടുകിൽ
കാത്തിരിക്കും ഞങ്ങളെല്ലാം
മാവേലി വന്നീടുവാൻ
വിളകൊയ്യും കാലമായാൽ
പാട്ടുണരും കുടിലുകളിൽ
ഗ്രാമത്തുടിപ്പിന്നഴക മാറ്റാൻ
വന്നു ഒരിക്കലൊരു വെള്ളക്കുപ്പായ ധാരി
കൂപ്പിയ കൈയ്യുണ്ട്,ഖദർ കുപ്പായമുണ്ട്
ആളെ മയക്കും ചിരിയുമുണ്ടേ
കൂടി മനുഷ്യരാ നേതാവിൻ പിന്നിലായ്
പോയി ഗ്രാമത്തിൻ ശുദ്ധതകൾ
എന്നീ മനുഷ്യർ ആയുധങ്ങൾ
പോയീ ഗ്രാമത്തിൻ ശക്തികാട്ടാൻ
വാഗ്ദാനമൊരുപാടു നൽകിയൊരീ
രാഷ്ട്രീയക്കാരൻ പറന്നുയർന്നു
മാവേലി മന്നനെ കാത്തനാട്
കാത്തിരിക്കുന്നു മന്ത്രിമാരെ
എത്തുന്നു വൻകാറിൽ മന്ത്രിവര്യൻ
വയനാട്ടിൽ കുരുമുളക് വള്ളി കാണാൻ
വിലാപവുമായ് പാഞ്ഞു ചെന്നീടുന്നു കർഷകർ
ചത്തുവീഴുന്നു മന്ത്രിതൻ വാക്കുകേൾക്കേ
ഒരു കൊച്ചു സന്ധ്യതൻ
ഒരു മൗനദുഃഖമായ്
ഓർക്കുന്നു ഞാനിന്നീ വയനാടിനെ.

*അഞ്ജു എം കെ (X.A)*



ലഘുവിവരണം_

# ഗണിതശാസ്ത്രപ്രതിഭ




ആധുനിക ഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിതശാസ്ത്രജ്ഞനായി വിലയിരുത്തപ്പെടുന്ന ആളാണ് രാമാനുജൻ. അയ്യങ്കാർ എന്ന രാമാനുജൻ (1887 ഡിസംബർ 22-1920 ഏപ്രിൽ 26) ശുദ്ധഗണിതത്തിൽ  കാര്യമായ വിദഗ്ധശിക്ഷണം ലഭിക്കാതിരുന്നിട്ടും സ്വപ്രയത്നത്തിലൂടെ ഗണിതവിശകലനം,സംഖ്യാസിദ്ധാന്തം,അനന്തശ്രേണി, തുടങ്ങിയ ഗണിതശാസ്ത്രമേഖലകളിൽ വിലക്കപ്പെട്ട സംഭാവനകൾ നൽകി. രാമാനുജന്റെ ഗുരുവായിരുന്ന ഇംഗ്ളഷ് ഗണിതശാസ്ത്രജ്ഞൻ  ജി.എച്ച്. ഹാർഡിയുടെ അഭിപ്രായത്തിൽ ഗോസ്സ്,ഓയിലർ,കോച്ചി,ന്യൂട്ടൻ,ആർക്കമഡീസ്സ് തുടങ്ങിയ മിശ്രുതഗണിതശാസ്ത്രജ്ഞരുടെ നിരയിലുൾപ്പെടുത്താവുന്ന പ്രതിഭയായിരുന്നു അദ്ദേഹം. രാമാനുജൻെറ 125-ാം ജന്മവാർഷികത്തിന്റെ ഓർമ്മക്കായി 2012 ദേശീയ ഗണിതശാസ്ത്ര വർഷമായി പ്രഖ്യാപിച്ചിരുന്നു .ഡിസംബർ 22  ദേശീയ ഗണിത ശാസ്ത്രദിനം ഭാരതം കണ്ട ഏറ്റവും മഹാനായ ഗണിതശാസ്ത്രജ്ഞന്റെ  ജന്മദിനമാണ് .  രാമാനുജനെ കാണാനെത്തിയ പ്രൊഫ.ഹാർഡി  തന്റെ കാറിന്റെ നമ്പറായ 1729 ന് ഒരു പ്രത്യേകതയില്ലെന്നു പറഞ്ഞു. രണ്ടുഘനങ്ങളുടെ (ക്യൂബ്) തുകയായി രണ്ടുതരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729 എന്നതായിരുന്നു രാമാനുജന്റെ മറുപടി

അതിങ്ങനെ

$10^3+9^3 = 1729$

$12^3+1^3 = 1729$

***ജാൻസിയ പി കെ***
***9B***



***ചിന്ത***

# ***പ്രകൃതിയാകുന്ന അമ്മ***

പ്രകൃതിയോടുള്ള സ്നേഹം നാം ഓരോരുത്തരിൽ നിന്നും കുറഞ്ഞു വരുകയാണ്. നാം അമ്മയെ സ്നേഹിക്കുന്നതുപോലെ പ്രകൃതിയെയും സ്നേഹിക്കണം. പ്രകൃതിയിൽ അനേകംജീവജാലങ്ങളും,സസ്യങ്ങളും, പലതരത്തിലുള്ള ഭക്ഷ്യശൃംഖലകളും ഉണ്ട്. പ്രകൃതിയോട് നാം സ്നേഹത്തോടെ,വിനയത്തോടെ പെരുമാറണം. കുട്ടികൾ എപ്പോഴും നേർവഴിക്ക് നടക്കുന്നവരായിരിക്കണം.



***-ഇസ കുര്യൻ (6A)***



# സ്നേഹിതാ നിൻ വരവും കാത്ത്...



കാണുവാൻ ഏറെ കൊതിച്ചുഞാൻ....
നിൻ അരികിൽ ഇരിക്കാൻ കൊതിച്ചുഞാൻ...
മുറ്റത്തെ മുല്ലപോലെ പൂത്തുനിൽക്കുന്ന
നിൻ പൂമുഖം കാണുവാൻ ഏറെ ആശ

വെൺനിലാ പോലെ നീ പുഞ്ചിരി
കാണുവാൻ എന്തുഭംഗി.....
മാനത്തെ ചന്തിരനെ പോലെ പുഞ്ചി-
രിക്കുവാൻ ഏറെ ആശ

നിൻ അരികിൽ ഇരിക്കുവാൻ ആശ..
സ്വപ്നമായി തീർന്നു...സ്നേഹിതാ....
സ്നേഹിതാ നീ എന്നെ ഓർക്കുവാൻ വേണ്ടി
ഞാൻ എന്തുചെയ്യുക നീ പറയൂ...

നിന്നോട് മിണ്ടുവാൻ കാത്തിരിപ്പു ഞാൻ
നിൻ അരികിൽ ഇരിക്കുവാൻ കൊതിക്കുന്നു
ഞാൻ....

നിൻ ഓർമ്മകളാൽ നിന്നെ തഴുകി
കാത്തിരിക്കുന്നു നിൻ പ്രാണ സഖി....



സൗമ്യ എം .X.A

# സ്വച്ഛം



മനസ്സ് പ്രക്ഷുബ്ധമായിരുന്നു.

പലകാര്യങ്ങളും മനസ്സിനെ വല്ലാതെ കുത്തിനോവിക്കുന്നു. ബൾബിൻെറ പ്രകാശം മുഖത്തടിക്കുന്നതുകൊണ്ട് ഉറങ്ങാൻ കഴിയുന്നില്ല. വീട്ടിൽ അവളും മക്കളുംഅച്ഛനും എന്നെ കാണാതെ കിടന്നിട്ടുണ്ടാകുമോ എന്നറിയില്ല. തെരുവുവിളക്കിൽ പ്രാണികൾ തുടരെ പ്രഹരിക്കുന്നത് ഞാൻകണ്ടു ഒരു പക്ഷെ മനുഷ്യർ ഇങ്ങനെയാണ് വിചാരിച്ച .എന്നെക്കൂടാതെ എൻെറ വലതുവശത്തെ ആൽമരത്തിൻ ചുവട്ടിൽആരോ ഉട്ടമുണ്ട് പുതച്ച് കിടപ്പുണ്ട്. വലിയ തണുപ്പൊന്നുമില്ല എന്നാലും കൊതുക് വല്ലാതെ പ്രശ്ന മുണ്ടാക്കുന്നു. രാത്രിയിൽ നിലാവിൽ മുങ്ങിക്കുളിച്ച നിൽക്കുന്നആൽമരത്തെ കാണാൻ നല്ല ചേലുണ്ടായിന്നു. കുറച്ച നേരം ഞാൻ അതിലേക്കു കണ്ണും നട്ടിരുന്നു . പൊടുന്നനെ മറ്റൊരു അപരിചിതൻ എൻെറ കാൽക്കൽ ഘനംനിറഞ്ഞ ബേഗ്ഗരി താഴെ വച്ചു. കടത്തിണ്ണയിലെ പൊടി പേടിച്ച് എൻെറ ദേഹത്തുകൂടി.ഞാൻ ആഞ്ഞൊന്നുതുമ്മി. അയാൾ എന്നെ നോക്കി "സോറി ക്ഷമിക്കണം". ..എന്ന് പറഞ്ഞു. "അയിനിപ്പന്താ"ഞാൻ മറുപടിപറഞ്ഞ് എൻെറ സ്ഥാനത്ത് വീണ്ടും തല ചായ്ച്ചു

അയാൾ ബസ്സ് കാത്തിരിപ്പാണ് എന്ന് എനിക്കു തോന്നി. ഇവിടെ നിന്ന് കഷ്ടച്ച് നാന്നൂറ് മീറ്റർ അകലെയാണ് ബസ്സ്സ്റ്റാൻറ്. എന്നാൽ ഈ വഴിക്ക് ബസ്സുകൾ തന്നേകുറവാണ് . ഞാൻ അയാളോട് കുശലം പറയാൻ നിന്നില്ല . കാരണം എനിക്ക് എൻെറ പഞ്ഞം തന്നെ ധാരാളമായിരുന്നു. അയാൾ എന്നെ നോക്കി. ഞാനും നോക്കി ഒരു ചെറുചിരിനൽകി. അയാൾ വിചാരിച്ച കാരണം ഞാൻ ബസ്സ് കാത്തിരിക്കുകയാണെന്ന് യഥാർത്ഥത്തിൽ സംഗതി അതല്ല. എൻെറ കൈയ്യിൽ വണ്ടിക്കൂലി പോലുമില്ല എന്ന തമാശ എനിക്കല്ലെ അറിയൂ.

ഞാൻ ഒരു ദീർഘനിശ്വാസത്തോടെ ഒന്നു തിരിഞ്ഞു കിടന്നു ചുമരിൽ ആരോ കോറിയിട്ട പടംകണ്ടു. ഒരു പക്ഷെ അത് സാവധാനം കരിപ്പറ്റിപ്പിടിച്ച് വന്നതാവാം. എനിക്ക് അപ്പോൾ പെട്ടെന്നോർമ്മ വന്നത്

ചിന്നുവിനെയാണ്. അവൾ നന്നായി വരക്കും അവളുടെ പുസ്തകങ്ങളിൽ ചിത്രം വരച്ച് നശാക്കിയതിന് ഞാൻ ഒരു വട്ടം അവളെ തല്ലിയിരുന്നു .കരഞ്ഞുകൊണ്ട് മോള് പോയി കിടക്കയിൽ അമർന്നുകിടക്കുന്നതും ഞാൻ കണ്ടിരുന്നു. മൂത്തവൻ നന്നായി പഠിക്കും.മക്കളെ കുറിച്ച് ഓർത്തപ്പോൾ എന്തോ ഒരു വല്ലായിമ അനുഭവപ്പെട്ടു. എനിക്ക് ഇങ്ങനെ തിരിഞ്ഞു കിടക്കുന്നത് ഒട്ടും നല്ലതല്ല എന്ന് തോന്നി. പലകാര്യങ്ങളും ഒരുമിച്ച ചിന്തിച്ചിരുന്ന മനസിൽ പെട്ടെന്ന് കുടുബത്തെകുറിച്ചുള്ള ചിന്തകൾ വിലക്കി. അതെന്നെ വല്ലാതെ അലട്ടി.

ആ ചിന്തകളിൽ നിന്ന് ഞാൻ അൽപ്പനേരത്തെക്ക് മാറിനിൽക്കാൻ അഗ്രഹിച്ചു. വിറ്റഴിക്കാൻ ബാക്കിയുള്ള ചെറിയ പുസ്തകങ്ങളും പേനയും എൻെറ ബാഗിലേക്ക് സുരക്ഷിതമായി തലയ്ക്കടിയിൽ വച്ചു.പെട്ടെന്ന് ഒരു ബസ്സ വന്നു നിന്നു അയാൾ വണ്ടിയിലേക്ക് കയറി. ബസ്സ് വീണ്ടും യാത്ര തുടർന്നു. ഇടക്കിടെ വന്നു പോകുന്ന ബസ്സുകൾ എൻെറ ഉറക്കത്തെ വല്ലാതെ ബാധിച്ചു. അതിനാൽ ഞാൻ മറ്റൊരു കടതിണ്ണയിൽ അഭയം പ്രാപിച്ചു. നിലാവിൻെറ നേരിയ പ്രാകാശം മരങ്ങൾക്കിടയിലൂടെ കടന്നു വരുന്നുണ്ട്.അത് സ്വച്ഛമാർന്ന കാഴ്ചയാണ്.മന്നിൽ ക്ഷാമമുള്ള മനുഷ്യന് ഏറ്റവും സുഖകരമായ വരദാനം ഉറക്കമാണ്.വീട്ടിൽനിന്നിറങ്ങുമ്പോൾ കാപ്പിപ്പൊടി മേടിക്കാൻ ഭാര്യ

പറഞ്ഞിരുന്നു.നാളെ അച്ഛന്റെ കാപ്പികുടി മുട്ടും.അവൾ എന്നെ ഒരുപക്ഷെ വെറുത്തുകാണണം.തന്നെത്താൻ പഴിചാരുന്നത് ഒരുവട്ടം ഞാൻ കേട്ടിരുന്നു.എന്റെ കണ്ണിൽ ഒരു സൂചികൊണ്ടതുപോലെ പതിയെ വെള്ളം കണ്ണിൽനിന്നുതിർന്നു.അച്ഛന്റെ മുറുക്കാനും മരുന്നും മറ്റും തീർന്നുകാണണം. മക്കൾക്ക് സ്കൂളിൽ പി.ടി.എ ഫണ്ട് കൊടുത്തിട്ടുമില്ല. ആകെ മനസ്സ് ഇരുണ്ടുകൂടി. ഒന്നാർത്തുപെയ്യാൻ കൊതിക്കുന്നു. പെയ്താൽ അത് തോരുമെന്ന് തോന്നുന്നില്ല. ഹൃദയമിടിപ്പ് കൂടി. കാര്യങ്ങൾ കൈവിടുന്നതായിത്തോന്നി. ഞാൻ മനസ്സിനെ ദൃഢമാക്കി. ഉറക്കത്തിലേക്ക് ആകർഷിപ്പിക്കാൻ ശ്രമിച്ചു പറ്റുന്നില്ല. രാത്രിയുടെ നിഗൂഢമായ അന്ധതയിൽ ഞാൻ പല ചിന്തകൾ കൊണ്ടും കോറിയിട്ടു. ആരുടെയോ അനുഗ്രഹം. പതിയെ എന്നെയും ഉറക്കം അനുഗ്രഹിച്ചു. മന്ദമാരുതന്റെ തലോടൽ ഞാൻ അനുഭവിച്ചു. ഞാൻ ഞെട്ടിയുണർന്നു. ഉറക്കത്തിലെ-സ്വപ്നം സുഖകരമായിരുന്നെങ്കിലും അത് ഭീരുത്തമാണെന്നു ഞാൻ വിചാരിച്ചു. മാവിൻ മുകളിൽ തൂങ്ങിക്കിടക്കുന്ന എന്റെ ദേഹം,എന്റെ ഫോട്ടോയുടെ മുന്നിൽ നിന്നും കരയുന്ന നടൻമ്മാർ നടിമാർ . എല്ലാം ശാന്തം ഞാൻ വിചാരിച്ചു ഈ കാലയളവിൽ ഇത്ര നല്ല ഒരു സ്വപനം ഞാൻ കണ്ടിട്ടില്ല

പതിയെ ഞാൻ എഴുന്നേറ്റു. കിഴക്കുവെള്ളകീറി തുടങ്ങി . കടയുടെ മുൻവശത്തുണ്ടായിരുന്ന പൈപ്പിൽ നിന്നും അൽപ്പം ജലം സേവിച്ചു മുഖവും കൈയ്യും കാലും കഴുകി.
ഒന്ന് വായകഴുകി നല്ല വിശപ്പുണ്ട് കാശില്ലത്തവന് ചായകോടുക്കുന്ന സമ്പ്രദായം നമ്മുടെ നാട്ടിലില്ല. ഇപ്പോൾ വീട്ടിലായിരുന്നെങ്കിലും ഏകദേശം അവസ്ഥ ഇതു തന്നെ. ഞാൻ എന്റെ പൊതിയുമെടുത്ത് സ്റ്റാൻെറിലേക്ക് നടന്നു. പാത ജനനിബിഡമായിരുന്നു. ബസ്സുകൾ കൊണ്ടും , കാറുകൾ കൊണ്ടും,മോട്ടോർ
വാഹനങ്ങൾകൊണ്ടും പാത നിറഞ്ഞു.ഉണ്ണികതിരോന്റെ പ്രഭാകിരണം അവിടവിടയായി പതിച്ചുതുടങ്ങി. ഞാൻ എന്റെ ജോലിയിൽ പ്രവേശിച്ചു.

"ബുക്കുകൾ....പുസ്തകങ്ങൾ....മലയാളം-ഇംഗ്ലീഷ് ഡിഗ്ഷണറികൾ....കഥാപുസ്തകങ്ങൾ .... കവിതപുസ്തകങ്ങൾ...പേനകൾ..."അങ്ങനെ അങ്ങനെ തുടർന്നുകൊണ്ടിരുന്നു.വിശപ്പ് അസഹനിയമായിരുന്നു. കടകളിൽ നിന്നും പൊറോട്ടയുടെയും,ചിക്കന്റെയും മറ്റും മണം വരുന്നുണ്ട് "എത്ര കലമായി"ഞാൻ സ്വയം പറഞ്ഞു.വളരെ ക്ഷീണിതനായി എന്റെ മുഖത്തെ പരിതാപകരമായ ഭാവം കണ്ട് ദയവ് തോന്നിയതിനാലാവാം ഒന്ന് രണ്ട് ബുക്കുകളും പേനയും ഒരാൾ വാങ്ങി.ആദ്യം തന്റെ വിശപ്പിനെ ശാന്തമാക്കാം എന്ന് വിചാരിച്ചു.ഒരു ചായയും പൊറോട്ടയും മേടിച്ചു കഴിച്ചു.വീണ്ടും തൊഴിലിലേക്ക് മടങ്ങി.

അപ്രതീക്ഷിതമായാണത് സംഭവിച്ചത് ഞാൻ മൂത്രമൊഴിക്കാനായി പോകുമ്പോൾ എന്റെ ഇതുവരെയുള്ള ചെറിയ സമ്പാദ്യവും ബാക്കി വിറ്റഴിക്കാനുള്ള പുസ്തകങ്ങളും പേനയും കളവുപോയിരിക്കുന്നു ആ വാർത്ത ഞാൻ മാത്രമെ അറിയുന്നുള്ളൂ.എന്റെ ശരീരം മുഴുവൻ തരിച്ചുകയറുന്നതുപോലെതോന്നി ശരീരമാസകലം ചൂടാവാൻ തുടങ്ങി ദു:ഖത്തിന്റെ പടുകുഴിയിലേക്ക് ഞാൻ തള്ളപ്പെട്ടു. ശരീരം മുഴുവൻ തളർന്നു . സ്റ്റാൻെറിന്റെ ഒരു മൂലയിൽ ഞാൻ ഇരുന്നു.

എൻെറ സമ്പാദ്യം മുഴുവനും ആരോ കൊണ്ടുപോയി . എൻെറ സമനില തെറ്റുന്നതായി തോന്നി. പലരും എന്നെ ശ്രദ്ധിക്കുന്നുണ്ട്. ചിരിച്ചുകൊണ്ട് എൻെറ കഴുത്തിൽ ചുറ്റിപ്പിടിച്ച് കവിളിൽ ഉമ്മവെക്കുന്ന ചിന്നുവിനെ ഓർത്തുപോയി അചഛാ എന്ന് നീട്ടിവിളിക്കുന്ന ഭുവൻ കുറ്റങ്ങളെന്തായാലും ഇല്ലായ്മകൾ സഹിക്കുന്ന ഭാര്യ, അചഛൻ എല്ലാവരുടെയും ചിരിക്കുന്ന മുഖം എന്നെ കരയിപ്പിക്കാൻ തുടങ്ങി .മൂടിക്കെട്ടിയ മേഘം പതിയെ ആർത്തു പെയ്തു. എല്ലാ പാവപ്പെട്ടവർക്കും വിതിച്ച

അവസാന വരദാനം തേടി ഞാൻ ഓടി. റോഡിൻെറ മധ്യത്തിലൂടെ ഞാൻ ഓടി. എതിരെ വന്ന ഏതോ വാഹനം എൻെറ ശരീരത്തെ മുകളിലേക്കുയർത്തി. പതിയെ ഞാൻ നിലം പതിച്ചു.

ഠഠഠഠഠഠഠഠ



കാർത്തിക് ബാബു (IX .A)


"മനുഷ്യന്റെ ജീവിതത്തിൽ

ബുദ്ധിമുട്ടുകൾ ആവശ്യമാണ്

കാരണം വിജയം ആസ്വദിക്കാൻ

അവ അത്യാവശ്യവാണ്"

-എ.പി.ജെ. അബ്ദുൾകലാം



കവിത

# എൻെറ തോട്ടം

തീപ്പിടിച്ചപോലുള്ള വെയിലിൽ
വേർപ്പൊഴുക്കി ഞാൻ വിത്തുവിതച്ചാൽ
വാനത്തിൻെറ വലിയ
വാർമുകിലതു കാണുവാനെത്തുന്നു
വേനൽച്ചൂടിൽ അന്നെൻെറ
പറമ്പിൽ ത്തുണക്കെട്ടാൻ കഴിഞ്ഞില്ല തെല്ലു -
വഴികളുടെ സമ്മതം  വേണം
വായുവിന്നു വളപ്പിൽ കാക്കാൻ
പത്ത് കൊട്ട വളത്തിൻെറ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെൻെറ കായ്കറിത്തോട്ടം



**-എഡ്വിൻ ഷെല്ലി (9-B)**



# <u>തെരുവിലെ ബാല്യം</u>

സുപ്രഭാതത്തിൽ അരണ്ട വെളിച്ചത്തിൽ
മഞ്ഞുപുതച്ച തെരുവിൻെറ മൂലയിൽ
ചണ്ടിചവറൊട്ടു കൂടിയ കൂനമേൽ
എന്തോ തിരയുന്ന കൊച്ചുബാല്യം
തേച്ചുമിനുക്കിയ പാൻറില്ല ഷർട്ടില്ല
തൊപ്പി ചെരുപ്പുകളൊന്നുമില്ല
മുട്ടൊളമെത്തീടും കീറിമുഷിഞ്ഞുള്ള
ബട്ടണില്ലാത്തൊരുടുപ്പുമാത്രം
തോളതിൽ തൂങ്ങി നിലത്തുവലിഞ്ഞീടും
വലിയൊരു ചാക്കു വലിച്ചുനീക്കി
ഒട്ടുമുമ്പോട്ടു കുനിഞ്ഞങ്ങുനീങ്ങുന്ന
ഭാരതമണ്ണിൻെറ കൊച്ചുപൗരൻ
നേട്ടത്തിൻ പട്ടിക നീളെ നിരത്തിടാൻ
കൊടിവെച്ച കാറിൽ പറന്നിടുമ്പോൾ
തെരുവിന്നരികിലൊതുങ്ങുമീ ജീവിതം
കണ്ടിട്ടും കാണായ്മ കാട്ടീടുന്നു
ബാലവേലക്കെതിർവാളോങ്ങും നീതിയും
കണ്ടതില്ലീ കൊച്ചുബാല്യങ്ങളെ





*-സോന സിബി*
X.A

**കൈറ്റ് മാസ്റ്ററും   കൈറ്റ് മിസ്ട്രസും**

കുട്ടി പട്ടങ്ങളോടൊപ്പം



കവിത



# പളുങ്കുപാത്രം

മനുഷ്യമാനസമൊരു  മാന്ത്രികച്ചെപ്പല്ലോ
സുഗന്ധമൂറുന്ന പൂക്കളെ വിരിയിക്കുന്നതവൾ
ക്രൂരമാം മുള്ളുകളേയുമണിയുന്നതുമവൾ
ആത്മാവിൻ വിഷമാം സ്വത്തും കീറിപ്പറിക്കുന്ന
വർണ്ണവർഗ്ഗവ്യത്യാസത്തിൽ തമ്മിലടിക്കുന്നവർ
നദിതൻ വെള്ളമൊഴുകുന്നതുപോലെയേ
സ്നേഹിക്കാനായി ജനിച്ചവർ
പരസ്പരം വലിച്ചുകീറി പച്ചമാംസം കടിച്ചുതിന്നുന്നു.
ആത്മാർത്ഥമാം സ്നേഹമറ്റുപോയി
നല്ലപേര് എന്ന വിലയേറിയ സുഗന്ധത്തെ
കാർക്കിച്ചു തുപ്പുന്നവർ
സ്വന്തമെന്നു വിളിക്കാനാരുമില്ലാത്ത
ഭവനരാഹിത്യമീ മനുജരിൽ
അപ്പത്തിനായി പായുന്നവർ തന്നെ
വിലകൊടുത്താൽ ലഭിക്കാത്ത
സ്നേഹത്തിനായും പായുന്നു.
അനുകമ്പയുടെ നീരുറവകൾ
വറ്റിവരണ്ടു പോയിരിക്കുന്നു.
വിശ്വത്തോളം വിശാലമായ സ്നേഹത്തിൽ
പര്യായമാം അമ്മയെ പോലും മറക്കുന്ന മക്കൾ
അന്യൻെറ പ്രശസ്തിയിൽ അസൂയ നിറഞ്ഞവനും
ഭൂമിദേവി തൻ പാർത്തട്ടിൽ നട്ട സ്നേഹത്തിൻ
തൈയും
അതിൻെറ വേരുകളറുത്ത നീചമനുഷ്യനും.
ജീവിത പുഷ്പത്തിലെ സൗരഭ്യമാം

ദു:ഖം പേറി അലസരായി അലയുന്നവരും.
കാലത്തിൻ ചിറകുകൾ വച്ചുകൊണ്ട്
ദിനങ്ങൾ ഉന്തിനീക്കുന്നവനും
മനസ്സിൻെറ എകാന്തതയ്ക്ക് സന്തോഷ
പരിവേഷചാർത്തിനായി
വാനിലേക്കുയരുന്നവരും
സുഖാനുഭവങ്ങൾ തേടിയലഞ്ഞവർ എല്ലാം മറന്നു
എല്ലാം.
അസ്വഭാവികത നിറഞ്ഞീലോകത്തിൽ
സ്വാഭാവികത വെറും മിഥ്യ
ദയയും കരുണയും അണയാത്ത
മനുഷ്യനന്മക്കെന്നു വിരാമം.
മനുഷ്യമനസ്സിനെ മുറുക്കിയിരിക്കുന്ന
ഉരുക്കുകമ്പികളുടെ കെട്ടിനിയെന്നണയും
തലച്ചോറിൽ കൂടി പായുന്ന ആവിയന്ത്രത്തിൻെറ
എല്ലാ ചക്രങ്ങളും എന്നിനി നിശ്ചലമാകും.
മനുജരുടെ ആ പഴയവസന്തങ്ങളുടെ
മലർവാടിയിൽ എന്നിനീപ്പനിനീർപ്പൂക്കൾ
വിരിയും
കണ്ണീർച്ചാലിൻെറ അരികിന് വെച്ചുപ്പിടിപ്പിച്ച
കൊച്ചുചെടിയായ ജീവിതം എന്നിനി പുഷ്പിക്കും.
...........................................................

***-ആലീസ്ജോസഫ്*(അധ്യാപിക)**



കഥ




വിപിലേഷ്. എം.പി (9-A)


# പത്ത്


**രാമു 10 വയസ്സായ ഒരു വിദ്യാർത്ഥിയാണ് പക്ഷെ അവൻ മഹാമണ്ടനാണ് . ഒരു ദിവസം തന്റെ കൂട്ടുകാരൻ ഒരു ചോദ്യം ചോദിച്ചു . ഉത്തരം പറഞ്ഞാൽ 10 രൂപതരാമെന്നും പറഞ്ഞു .ഉത്തരം തെറ്റിയാൽ 10 രൂപ താൻ തരാമെന്നും രാമു പറഞ്ഞു.കൂട്ടുകാരന്റെ ചോദ്യം ഇങ്ങനെയായിരുന്നു "ഏതൊക്കെ സംഖ്യകൾ ചേർന്നാൽ 10 കിട്ടും ?" രാമു ഒട്ടും മടിക്കാതെ പറഞ്ഞു:" 5 ഉം5 ഉം ചേർന്നാൽ".ഇതുകേട്ടപ്പോൾ കൂട്ടുകാരൻ പൊട്ടിച്ചിരിച്ചു . എന്നിട്ട് പറഞ്ഞു; "എടാ മണ്ടാ..! 1,0 വും ചേർന്നാലല്ലേ 10 എന്ന് എഴുതാൻ പറ്റൂ............."രാമു 10 രൂപ അവനു നൽകി.**


**പിറ്റേദിവസം രാമു തനിക്കു ഒരാളെ മണ്ടനാക്കണം എന്ന വാശിയിൽ നടന്നു പെട്ടെന്നാണ് ഒരു കച്ചവടക്കാരനെ രാമു കണ്ടത് . രാമു ചോദ്യം ചോദിക്കാൻ ഒരുങ്ങി ഉത്തരം ശരിയായാൽ 10 രൂപ തരാമെന്നും രാമു പറഞ്ഞു.തെറ്റിയാൽ 10 രൂപ തരാമെന്ന് കച്ചവടക്കാരനും .രാമു ചോദിച്ചു :"ഏതൊക്കെ സംഖ്യകൾ ചേർന്നാൽ 10 കിട്ടും......?". കച്ചവടക്കാരൻ "4 ഉം6 ഉം"കൂട്ടിയാൽ എന്ന് ഉത്തരം പറഞ്ഞു . രാമു ഒന്ന് മുഖത്തുനോക്കിയിട്ട് പറഞ്ഞു :"ചേട്ടാ ദയവു ചെയ്ത് 5 ഉം5 ഉം ചേർന്നാലാണ് 10 എന്ന് പറയാമോ......?". "എങ്കിൽ ഞാൻ ഒരു തമാശ പറഞ്ഞു തരാം......!".കച്ചവടക്കാരൻ നോക്കി നിന്നു.**


**ഗുണപാഠം: "എന്തു ചെയ്യുന്നതിനുമുൻപും ചിന്തിക്കുക....."**




Manu M






മനോഹരമായ
ഈ
പ്രകൃതിയെ നശിപ്പിക്കരുത്.

*കവിത*

# അഴികൾക്കപ്പുറം




**സുമിത്ര പി ബി**
( ഇംഗ്ളീഷ്അധ്യാപിക)


അഴികൾക്കുള്ളിലാണിന്നെൻെറ  ജീവിതം
മിഴിനീർ തുടച്ചു ഞാൻ കാത്തിരിപ്പൂനിന്നെ
വിറയ്ക്കുന്ന കരവുമായ് ദൂരേയ്ക്കുനോക്കിഞാൻ
മുറിവേറ്റ മോഹമായ്  നോറ്റിരിപ്പൂനിന്നെ
ഓർക്കുന്നതില്ല ഞാനാരെന്നു പോലുമീ-
വേർപെട്ടൊരോർമ്മതൻ ആഴക്കയങ്ങളിൽ
ഭ്രാന്തിയല്ലെങ്കിലും ഇന്നു ഞാനെന്തിനോ
ഭ്രാന്തിയായീടുവാനാഗ്രഹിച്ചീടുന്നു.
ഓർക്കില്ല നിന്നെയും നീതന്നൊരോർമ്മയും
വാർക്കില്ല കണ്ണുനീർ ഭ്രാന്തിയായെങ്കിൽ ഞാൻ
മറക്കുവാനായേനേ എല്ലാമെനിക്കപ്പോൾ
മറവിതൻ മൂടുപടം  നീ തരുമെങ്കിൽ
യൗവനമകന്നു പോയ്  വാർദ്ധക്യമാണിന്ന്
മൗനമായിന്നു ഞാനോർത്തിരിപ്പൂനിന്നെ.
ഓർമ്മകളെല്ലാം ഉടഞ്ഞവെൺ മുത്തായ് ഞാൻ
ഓർക്കുവാനരുതാത്ത മഞ്ഞിൻ കണികയായ്
മങ്ങിയോരോർമ്മയാണെങ്കിലും നീയെന്നിൽ
മങ്ങാതെ നിൽക്കുന്നതോർത്തു പോകുന്നു ഞാൻ
ഏകയായ് നിന്നെ ഞാനോർക്കുന്ന നേരവും
ഏകാന്തതേ  നിന്നഴികളിലാണു  ഞാൻ
ആരുമില്ലെന്നുടെ നൊമ്പരം കേട്ടിടാൻ
ദൂരെയെവിടെയോ പോയ് മറയുന്നു നീ.
മധുരിക്കുമാരവം അകന്നുപോയിന്നെൻെറ
അധരത്തിലൊളിയില്ല, വിറയുന്നമൊഴിമാത്രം
ഏറെയെനിക്കുണ്ട് പറയുവാൻ നിന്നോട്
വേറെയാരോടും ഞാൻ ചൊല്ലാത്ത നൊമ്പരം
കരിയില പോലെയീ കാലങ്ങളകലുമ്പോൾ
അരികിലില്ലാരുമെൻ പ്രാണൻെറ തുണയായി
അറിവീല സ്നേഹവും സ്മേരവും സാന്ത്വവും
മുറിവേറ്റ നെഞ്ചിലെ നൊമ്പരങ്ങൾ പോലും
കഴിയില്ല ദുഃഖത്തിൽ നൗകതുഴഞ്ഞിടാൻ
മിഴികളിൽ വേദന തുളുമ്പി നിന്നീടുന്നു
മുങ്ങുമോ കണ്ണീർ നിറയുമ്പോഴീ നൗക
അങ്ങനെ ഞാനതിൽ ആഴ്ന്നുപോയിടുമോ
ഒഴുകുന്ന വാരിയിൽ എതിരായിനീന്തുവാൻ
കഴിയാതെ ഞാനതിൽ മിഴിയടച്ചീടുമോ...?



………………………………………………………………………

സ്പോർട്സ്

## <u>ക്രിക്കറ്റ് ദൈവം-</u>[സച്ചിൻ ടെണ്ടുൽക്കർ]



ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മഹാനായ പ്രതിഭയാണ് സച്ചിൻ ടെണ്ടുൽക്കർ. ക്രിക്കറ്റ് കളിക്കളത്തിൽ ബാറ്റിംങ് കലയുടെ നിരവധി അവിസ്മരണീയ മുഹൂർത്തങ്ങൾ സമ്മാനിച്ച 'മാസ്റ്റർ ബ്ലാസ്റ്റർ' ക്രിക്കറ്റിൽതൊട്ടതെല്ലാം പൊന്നാക്കിയ മാന്ത്രികനാണ്.

സച്ചിൻ രമേഷ് ടെണ്ടുൽക്കർ എന്ന സച്ചിൻ ടെണ്ടുൽക്കർ 1973 ഏപ്രിൽ 24 ന് മുംബൈയിലെ സാരസ്വത് ബ്രാഹ്മിൺ കുടുംബത്തിലാണ് ജനിച്ചത്. അച്ഛൻ രമേഷ് ടെണ്ടുൽക്കർ,അമ്മ രജ്നി. ശാന്തതയും അച്ചടക്കശീലവും മുഖമുദ്രയാക്കിയാണ് ലോകക്രിക്കറ്റിൻെറ തന്നെ മുൻ നിരയിലേക്കുയർന്നത്.

പ്രാഥമിക വിദ്യാഭ്യാസം ശാരദാശ്രമം വിദ്യാമന്ദിറിലായിരുന്നു. അവിടെ നിന്നാണ് ക്രിക്കറ്റിൻെറ ബാലപാഠങ്ങൾ തൻെറ കോച്ച് രമാകാന്ത് അച്റേക്കറിൽനിന്ന് സച്ചിൻ പഠിച്ചത്. തന്നേക്കാൾ പത്ത് വയസ്സ് കൂടുതലായിരുന്ന സഹോദരൻ അജിത്തിൻെറ പ്രോൽസാഹനം കൊണ്ടാണ് സച്ചിൻ ക്രിക്കറ്റ് ലോകത്തിൻെറ നെറുകയിൽ എത്തിയത്.ഇതിനിടയിൽ എം. ആർ. എഫ് സ്പേസ് അക്കാദമിയിൽ പേസ്ബൗളിംഗ് പരിശീലകനായിരുന്നഡെന്നീസ് ലില്ലി സച്ചിനെ ബാറ്റിംഗിൽമാത്രം ശ്രദ്ധകേന്ദ്രീകരിക്കാൻ പഠിപ്പിച്ചു.

1987 നവംബർ 14 ന് രഞ്ജി ട്രോഫിക്കുള്ള മുംബൈ ടീമിലേക്ക് സച്ചിൻ തിരഞ്ഞെടുക്കപ്പെട്ടു. പതിനഞ്ച് വയസ്സ് മാത്രം പ്രായമുള്ളപ്പോഴാണ് സച്ചിൻ ആഭ്യന്തര ക്രിക്കറ്റിൽഅരങ്ങേറ്റം കുറിച്ചത്. ആദ്യ മൽസരത്തിൽ തന്നെ സച്ചിൻ സെഞ്ചുറി നേടി പുറത്താകാതെ നിന്നു. രഞ്ജി ട്രോഫി, ദുലീപ് ട്രോഫി, ഇറാനി ട്രോഫി എന്നിവയിൽ അരങ്ങേറ്റ മൽസരത്തിൽ തന്നെ സെഞ്ചുറി നേടിയ ഒരേയൊരു കളിക്കാരനാണ് സച്ചിൻ.

1996 ൽ അദ്ധേഹം ക്യാപ്റ്റൻപദവിയിലെത്തി.1998 ൽഓസ്ട്രേലിയക്കെതിരെയായിരുന്നു സച്ചിൻെറ ആദ്യത്തെ ഇരട്ട സെഞ്ചുറി. 1999 ലോകകപ്പിൽ സച്ചിൻെറ പിതാവ് പ്രൊഫ. രമേഷ് ടെണ്ടുൽക്കർ അന്തരിച്ചു. ഇതിനിടയിൽ ടെന്നീസ് എൽബോ എന്ന രോഗം മൂലംസച്ചിന് ഏകദേശം ഒരു വർഷത്തേക്ക് കളിയിൽ നിന്ന് മാറി നിൽക്കേണ്ടി വന്നു. 2012 ൽ രാജ്യാന്തരക്രിക്കറ്റിൽ 100 സെഞ്ചുറി നേടി. ഈ നേട്ടം കൈവരിക്കാനായ ഒരേയൊരു താരം സച്ചിനാണ്. സച്ചിൻെറഭാര്യയുടെ പേര് അഞ്ജലി എന്നാണ്. മക്കൾ സറാ, അർജ്ജുൻ എന്നിവരും. 1994 ൽ അർജ്ജുന അവാർഡും1997 ൽ രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാരവും, 2013 ൽ ഭാരത് രത്ന പുരസ്കാരവും ലഭിച്ചു. 2012 ൽ സച്ചിൻപാർലമെൻറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 2012 ഡിസംബർ 23-ന് ഏകദിന ക്രിക്കറ്റിൽനിന്ന് വിരമിച്ചതായിസച്ചിൻ പ്രഖ്യാപിച്ചു. 2013 നവംബർ 14 മുതൽ 16 വരെ മുംബൈയിലെ വാംഖഡെ സ്റ്റേഡിയത്തിൽ വെസ്റ്റ്ഇൻഡീസുമായി നടന്ന ടെസ്റ്റ് മൽസരത്തോടെ രാജ്യാന്തര ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും അദ്ദേഹം വിരമിച്ചു.

***ആകാശ് എം ബി***
***9-A***



.

.

## ഒരു മരം നട്ട് നമുക്ക് പങ്കാളികളാവാം

മനുഷ്യൻെ കണക്ക് കൂട്ടലുകൾ തെറ്റി. വേനലിൻെ ചൂട് കൂടുന്നു. മഴ കുറയുന്നു. ആഗോളതാപനം ഗണ്യമായി ഉയരാൻ കാരണമാക്കി .ലോക പരിസ്ഥിതി ദിനത്തിൻെര ഈ വർഷത്തെ വിഷയം വികസ്വര ചെറുദ്വിപ്-രാഷ്ട്രങ്ങളും കാലാവസ്ഥ വ്യതിയാനവുമാണ്. തീരപ്രദേശങ്ങളിൽ കണ്ടൽ ചെടികൾ വച്ച്പിടിപ്പിക്കുകയും വനവൽക്കരണവും പരിസ്ഥിതിദിന പരിപാടികളിൽ ഉൾചേർക്കുക.



അശ്വിൻ സുന്ദർ (9.B)



കവിത

# വന്ദനം



ഭൂമിമാതേ നിനക്കെൻ വന്ദനം
മന്നിൻെറ താഴത്തു നിന്നുടെ
മൗലിയിൽ ചുമക്കുന്ന എൻഭാരം
എത്രനാൾ കണ്ടില്ലെന്നു നടിപ്പൂഞാൻ


ഭൂമിമാതേ നിനക്കെൻ വന്ദനം
വിണ്ണിലെ താരകൾ മിന്നുമ്പോൾ
തിങ്കൾ ചിരിതൂകിടുമ്പോൾ നിൻ-
ദേഹത്ത് തലചായ്പാൻ സ്ഥലം തന്ന-
തെത്രനാൾ കണ്ടില്ലെന്നുഞാൻ നടിപ്പൂ....

ഭൂമിമാതേ നിനക്കെൻ വന്ദനം
ഓരോ ദിനവും എൻ പാനപാത്രം
നിറക്കും നിൻ കനികൾ തിന്നു-
ജീവിച്ചെത്രനാൾ കണ്ടില്ലെന്നു നടിപ്പൂ
ഭൂമിമാതേ നിൻദുഃഖങ്ങൾ ഞാൻ കാണുന്നു

വന്ദിപ്പൂ മാതേ നിന്നെ നിനക്കുസഹിപ്പതിനു-
മേറുമീ ഭാരങ്ങൾ തീർപ്പാനായ്
വെട്ടി നശിപ്പൂ ഈ മരങ്ങൾ,ഇടിക്കുമീ-
മലകൾ, ഞാനും.......

***കാർത്തിക്ക് ബാബു (9-A)***

*ചലച്ചിത്ര നിരൂപണം*




## ഒടിയൻ

ശ്രീകുമാർ മേനോൻ സംവിധാനം ചെയ്ത് മോഹൻലാൽ നായകനായ മനോഹരമായ ഒരു ത്രില്ലർ കുടുംബ ചിത്രമാണ് ഒടിയൻ. മഞ്ജുവാര്യരാണ് നായികാ വേഷം അണിഞ്ഞത്. ഒടിയൻ മാണിക്യൻ എന്ന കഥാപാത്രത്തിലൂടെ ഈ ലോകത്തിലെ അവസാനത്തെ ഒടിയൻെറ കഥയാണ് ഈ സിനിമയിലൂടെ തുറന്നുകാട്ടുന്നത്.

അതി മനോഹരമായ ദൃശ്യാവിഷ്കാരമാണ് ഈ സിനിമ ഇത്രയും വിജയകരമാക്കാനും മലയാളികളുടെ മനസ്സിലിടം നേടാനും കാരണം. നടനവിസ്മയമായ മോഹൻലാലിൻെറ പുതിയ വേഷപ്പകർച്ചയും നടനവും ഈ സിനിമയെ ലോകോത്തരനിലവാരത്തിലെത്തിച്ചു.


വിവിധ കാരണങ്ങളാൽ മാണിക്യൻ നാടുവിടുന്നതും കാലങ്ങൾക്കു-ശേഷം പുതിയ തിരിച്ചു വരവ് നടത്തുന്നതുമാണ് സിനിമയുടെ പ്രമേയം ഒരു വലിയ തറവാട്ടിലെ -പുറം ജോലിക്കാരനാണ് ഒടിയൻ മാണിക്ക്യൻ. മനോഹരമായ ഗാനങ്ങളാണ് ഈ സിനിമയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മെഗാസ്റ്റാർ മമ്മൂട്ടിയാണ് ഈ സിനിമയുടെ ആദ്യഭാഗ വിവരണം ന-ൽകിയത്. മമ്മൂട്ടിയോടൊപ്പം മലയാളത്തിലെ കംപ്ലീറ്റ് ആക്റ്റർ മോഹൻലാൽ കൂടി ഒന്നിച്ചപ്പോൾ ഈ സിനിമ ആരാധകരെ ഏറെ ആകർഷിച്ചു. മികച്ച സ്റ്റണ്ടിംഗാണ് ഈ ചിത്രത്തിലെ മുഖ്യ ആ-കർഷണം.

ഗ്രാഫിക്സിലുള്ള ചെറിയ അപാകതകളൊഴിച്ചാൽ ഇത് തീർത്തും വിസ്മയങ്ങളിലേക്കും ഒരു ഒടിയൻെറ ജീവിതത്തിലേക്കും നയിക്കുന്ന മികച്ച സിനിമയാണെന്ന് വിലയിരുത്താം.



***ആൽബിൻ റെജി***
IX.B

# പ്രകൃതി



**കേ**ൾക്കുക നമ്മൾ  കുട്ടികളേ
നോക്കുക നമ്മുടെ ചുറ്റെങ്ങും
പച്ചവിരിച്ചൊരുവയലുകൾക്കപ്പുറം
മുട്ടൻ കുന്നുകൾ കണ്ടില്ലേ
തിങ്ങിനിറഞ്ഞ മരത്തണലും
ഹരിതമണിഞ്ഞ കാടുകളും
അതിനുമപ്പുറം പുളഞ്ഞൊഴുകും
സ്ഫടികം പോലെയരുവികളും
തുഞ്ചൻപ്പാടം കൊയ്യുന്നു
തുഞ്ചൻ രാക്കിളിപ്പാടുന്നു
കുയിലും മയിലും ചിറകുവിടർത്തി
സ്വരനാഥങ്ങൾ മുഴക്കുന്നു
വെട്ടിനിരത്തിയ കുന്നിൻ മുകളിൽ
കുറ്റൻ കെട്ടിട മുയരുന്നു
യന്ത്രം വന്നു മണ്ണുകൾ നീക്കി
വയലുകൾ എന്നും നിരത്തുന്നു
കാടുകൾ വെട്ടിമുറിച്ചു മരങ്ങൾ
ക്രൂരതകാട്ടും മർത്യൻമാർ
പുഴകളിൽ നിന്നു മണൽ വാരുന്നു
പുഴകൾ വറ്റി വരണ്ടല്ലോ
കുന്നുകൾ നാട്ടിൽ മരിക്കുന്നു
കാടുകൾ നാട്ടിൽ മരിക്കുന്നു
വയലുകൾ പുഴകൾ മരിക്കുന്നു
പ്രകൃതി തന്നെ മരിക്കുന്നു

***അർഷിൻസ്റ്റീഫൻ***

***9-A***



## കടപ്പാട്

ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ 'അക്ഷരപ്പൂക്ക'ളുടെ പ്രവർത്തനത്തിൽ
പങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും
നന്ദി അർപ്പിക്കുന്നു.
പ്രത്യേകിച്ച് ഞങ്ങളുടെ കൈറ്റ്മാസ്റ്റർ റെജിൽകുമാർസാറിനും
കൈറ്റ്മിസ്ട്രസ് ശൈലജ ടീച്ചർക്കും
ഞങ്ങളുടെ നന്ദിയുടെ
പൂച്ചെണ്ടുകൾ അർപ്പിക്കുന്നു..........,


Thanks to All